

കൂട്ടുകാരേ,


ഒരിടത്തൊരിടത്ത്...
കഥ കേൾക്കാൻ കൊതിക്കുന്നവരാണ് നാം. സങ്കല്പ ലോകത്ത് കൂട്ടിക്കൊണ്ടുപോകാനും അത്ഭുതകാഴ്ചകൾ പകർന്നുതരാനും കഥയ്ക്കുള്ള കഴിവ് അപാരമാണ്. കൂട്ടുകാരുടെ ഭാവനയ്ക്ക് ചിറകുകൾ നൽകാനും കഥകൾക്ക് കഴിയും. കഥകൾ വായിക്കാനും പറയാനും എന്തു രസമാണല്ലേ...!
ഇതാ നിങ്ങൾക്കായി കുറച്ചു കഥ കൾ...
ഒരു വർണപ്പമ്പരം പോലെ...
മനസ്സിൽ കൗതുകമുണർത്തുന്നവ...
വായിച്ചു രസിക്കാം...

ആശംസകളോടെ...

ഡോ.എ.പി.കുട്ടിക്കൃഷ്ണൻ
സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ
സമഗ്രശിക്ഷാ കേരളം



# ഉള്ളടക്കം




1 മീനുവിന്റെ കൂട്ടുകാർ

2 അത്ഭുതങ്ങളുടെ ലോകത്തിൽ

3 ആരാണു ബലവാൻ

4 കുഞ്ഞുതുള്ളീം വലിയതുള്ളീം

5 ആനപ്പൂട



***തയാറാക്കിയത്***

സമഗ്രശിക്ഷാ, കേരളം

നന്ദാവനം, തിരുവനന്തപുരം

***അവലംബം***

എസ്.സി.ഇ.ആർ.ടി., കേരളം




# 1

# മീനുവിന്റെ കൂട്ടുകാർ

**മീ**നു ഏട്ടന്റെ വായനമുറിയിലേക്ക് ഓടിക്കയറി; ഒരു മൂലയ്ക്ക് പതുങ്ങിയിരുന്നു. ഒളിച്ചുകളിയാണ്! കൂട്ടുകാരാരെങ്കിലും വരുന്നുണ്ടോ? അവൾ എത്തിവലിഞ്ഞുനോക്കി. "മീനൂ...മീനൂ....." ആരോ വിളിക്കുന്നു. മീനു ചുറ്റും നോക്കി. ആരേയും കാണുന്നില്ലല്ലോ. 'മീനു മോളേ, ഇങ്ങോട്ടുനോക്കൂ. ഞാനാണു വിളിക്കുന്നത്." അവൾ അദ്ഭുതപ്പെട്ടു. അലമാരയ്ക്കുള്ളിലെ പുസ്തകങ്ങളിലൊന്നാണ് അവളെ അത്ര കാര്യമായി വിളിക്കുന്നത്. മീനു അങ്ങോട്ടു ചെന്നു.

"എന്താണു നിന്റെ പേര്?" മീനു ചോദിച്ചു.



“എന്റെ പേര് പഞ്ചതന്ത്രകഥകൾ. ഞാൻ എത്രനാളായി മീനുവിനെ കാത്തിരിക്കുന്നു. ധാരാളം നല്ല കഥകൾ എനിക്കറിയാം. വരൂ. എന്റെ പേജുകൾ മറിച്ചുനോക്കൂ.” പുസ്തകം അവളെ ക്ഷണിച്ചു.

മീനു പുസ്തകത്തിന്റെ പേജുകൾ ഒന്നൊന്നായി മറിച്ചുനോക്കി. ഹായ്, നിറയെ ചിത്രങ്ങൾ, കഥകൾ. സിംഹത്തെ കിണറ്റിൽ ചാടിച്ച മുയലിന്റെ കഥ. നീലത്തിൽ വീണ കുറുക്കൻ രാജാവ് ചമഞ്ഞ കഥ.... എത്രയെത്ര കഥകൾ. ത്രാസ് എലി തിന്നെന്നു കള്ളം പറഞ്ഞ വ്യാപാരിയുടെ കഥ കണ്ടപ്പോൾ മീനു തുള്ളിച്ചാടി. “ഈ കഥ ഞാൻ കഴിഞ്ഞ വർഷം പഠിച്ചതാണല്ലോ.” അവൾ പറഞ്ഞു. പുസ്തകം ചോദിച്ചു: “എന്നെ ഇഷ്ടമായോ?”

മീനു സ്നേഹപൂർവം പറഞ്ഞു: “വളരെ ഇഷ്ടമായി.”

“ആരാണ് ഈ കഥകളെല്ലാം ഉണ്ടാക്കിയത്?” അവൾ ആരാഞ്ഞു.

“അതൊരു കഥയാണ്.” പുസ്തകം പറഞ്ഞുതുടങ്ങി. “പണ്ടു പണ്ട് ഒരു രാജാവുണ്ടായിരുന്നു. അദ്ദേഹത്തിന് മൂന്ന് പുത്രർ. മൂവരും തനി മടിയരായിരുന്നു. രാജാവ് എത്ര ശ്രമിച്ചിട്ടും ഒരു വക പഠിക്കുവാനവർ കൂട്ടാക്കി

യില്ല. ഒടുവിൽ വിഷ്ണുശർമ എന്ന പണ്ഡിതനെത്തി. അദ്ദേഹം രാജകുമാരന്മാരോട് കഥകൾ പറഞ്ഞു. കുമാരന്മാർക്ക് വിഷ്ണുശർമയെ ഇഷ്ടമായി. അറിവുകളെല്ലാം കഥകളിലൂടെയാണ് അദ്ദേഹം അവർക്ക് പറഞ്ഞുകൊടുത്തത്. കഥകൾ കേട്ട രാജകുമാരന്മാർ മിടുമിടുക്കരായി."

പുസ്തകം ചോദിച്ചു : "മീനുക്കുട്ടിക്കും മിടുക്കിയാവേണ്ടേ."

"വേണം വേണം." മീനു ഉത്സാഹപൂർവം പറഞ്ഞു.

അവർക്ക് പഞ്ചതന്ത്രത്തോട് സ്നേഹവും ആദരവും തോന്നി. അവൾ അതിന് ഒരു മുത്തം കൊടുത്തു. പുസ്തകത്തിന് കോരിത്തരിപ്പുണ്ടായി.

"ഇവരെല്ലാം എന്റെ കൂട്ടുകാരാണ്." പഞ്ചതന്ത്രം മറ്റു പുസ്തകങ്ങളെ പരിചയപ്പെടുത്തി. ഒരു പുസ്തകം അവളെ അഭിവാദ്യം ചെയ്തു.

"ഈസോപ്പുകഥകൾ എന്നാണെന്റെ പേര്. രസകരമായ നൂറുനൂറു കഥകൾ എനിക്കറിയാം. ലോകമെമ്പാടുമുള്ള കുട്ടികൾക്കെന്നെ വളരെ ഇഷ്ടമാണ്. ആമയും മുയലും ഓട്ടപ്പന്തയം നടത്തിയ കഥ മീനു കേട്ടിട്ടില്ലേ. ആ കഥ എന്റേതാണ്" - പുസ്തകം അഭിമാനപൂർവം പറഞ്ഞു.

"പൂച്ചയ്ക്ക് മണികെട്ടാനാലോചിച്ച മൂഷികരുടെ കഥ, പൊന്മുട്ടയിടുന്ന താറാവിന്റെ കഥ, എല്ലിൻകഷണം വെള്ളത്തിൽ കളഞ്ഞ് ഇളിഭ്യനായ നായയുടെ കഥ... ഇത്തരം ഒത്തിരിയൊത്തിരി കഥകൾ ഞാൻ പറഞ്ഞു തരാം"

മീനു ഓടിച്ചെന്ന് ആ പുസ്തകം കൈയിലെടുത്തു. അപ്പോഴാണ് അവിടെയൊരു തേങ്ങൽ. കുട്ടിക്കവിതകൾ എന്ന പുസ്തകമാണ് കരയുന്നത്. മീനു തിരിഞ്ഞു നോക്കാഞ്ഞതിൽ സങ്കടം.

"എന്തിനാണു കരയുന്നത്, കരയാതെ." മീനു കുട്ടിക്കവിതയെ ആശ്വസിപ്പിച്ചു. അവൾ പറഞ്ഞു: "എനിക്ക് നിങ്ങളെയെല്ലാം ഇഷ്ടമായി. കുട്ടിക്കവിതാപുസ്തകങ്ങൾ നിരന്നിരിക്കുന്നല്ലോ. ഇളംചുണ്ടുകൾ, ഓലപ്പീലി, പുഷ്പവാടി, കുഞ്ഞുണ്ണിക്കവിതകൾ. ഹായ്! എന്തു രസം! ഇക്കഴിഞ്ഞ ദിവസം ദൂരദർശനിൽ കണ്ടതാണല്ലോ കുഞ്ഞുണ്ണിമാഷിനെ." കുഞ്ഞുണ്ണിക്കവിതകൾ മെല്ലെ എടുത്തു, തുറന്നു. ആദ്യം കണ്ട കവിത ഇങ്ങനെ വായിച്ചു:

"പരത്തിപ്പറഞ്ഞാൽ പർപ്പടകം

ഒതുക്കിപ്പറഞ്ഞാൽ പപ്പടം

വേഗം പറഞ്ഞാൽ പപ്പ്ടം

ചുട്ടുപൊടിച്ചാൽ പ്ടം.


ഹായ് എന്തു രസം, കൊച്ചുകൂട്ടുകാരേ, .......

"കൊച്ചുകൂട്ടുകാരേ, നാളെ മുതൽ എന്നും ഞാൻ നിങ്ങളുടെ അടുത്തു വരും. കുട്ടികൾക്കുള്ള പുസ്തകം ഓരോന്നോരോന്നായി വായിക്കും. തീർച്ച."

അതുകേട്ട പുസ്തകങ്ങളെല്ലാം സന്തോഷിച്ചു. കുട്ടിക്കവിതാപുസ്തകം ആഹ്ലാദപൂർവം അമ്പിളിയമ്മാവാ കുമ്പിളിൽച്ചോറ് ... എന്നിങ്ങനെ ഈണത്തിൽ ചൊല്ലാൻ തുടങ്ങി. പുസ്തകങ്ങളെല്ലാം കവിതയുടെ താളത്തിനൊത്ത് മീനുവിന് ചുറ്റും നൃത്തംവച്ചു.

# 2
# അത്ഭുതങ്ങളുടെ ലോകത്തിൽ

ഇന്നത്തെ അനുഭവങ്ങൾ എനിക്കൊരിക്കലും മറക്കാനാവില്ല. മയിൽപ്പീലിപോലെ അവ എന്നെന്നും ഞാൻ മനസ്സിന്റെ താളുകൾക്കിടയിൽ സൂക്ഷിച്ചുവയ്ക്കും. ഓർക്കുന്തോറും രസം ഏറിവരുന്നു.



തിരമാലകളുടെ ചാഞ്ചാട്ടങ്ങൾ നോക്കിനിൽക്കുകയായിരുന്നു ഞാൻ. ഒരു തിര തീരത്തെത്തി ചിന്നിച്ചിതറിയാലുടൻ അടുത്ത തിരയുടെ വരവായി. തിരകൾ തന്നെ എത്രതരം! കുഞ്ഞുതിരകളും കൂറ്റൻതിരകളും. ചിലതിന്റെ വരവുകണ്ടാൽ പേടിച്ചുപോകും. തിരമാല

കളുടെ നൃത്തം കണ്ട് സ്വയം മറന്നങ്ങനെ നിന്നപ്പോ ഴാണ് എന്നെ സ്നേഹത്തോടെ കടലമ്മ തൊട്ടുവിളിച്ച ത്.

“വരുന്നോ...കണ്ടാലും കണ്ടാലും കൊതിതീരാത്ത കാഴ്ചകൾ കാണിക്കാം.”

ഞാൻ സമ്മതം മൂളിയതും കടലമ്മ എന്നെ തോളി ലേറ്റിയതും ഒപ്പമായിരുന്നു. കുറേനേരം തിരകളിൽ ഊഞ്ഞാലാടി രസിച്ചു. അപ്പോഴേക്കും കൂട്ടിനൊ രാൾകൂടി വന്നു. ഒരു ഡോൾഫിൻ. ആ ചങ്ങാതി ഒത്തിരിയൊത്തിരി അഭ്യാസങ്ങൾ കാട്ടി. പിന്നെ എന്നെയും കൊണ്ട് തിരകൾക്കു മുകളിലൂടെ കുതിച്ചുമറി ഞ്ഞു. “മുറുക്കെ പിടിച്ചോ. നമുക്കൊന്നു ചുറ്റിക്കറങ്ങി വരാം.” ചങ്ങാതി പറഞ്ഞു.

ഞാൻ ഡോൾഫിന്റെ പുറത്ത് അതിനെ കെട്ടിപ്പിടി ച്ചിരുന്നു. അതെന്നെയും കൊണ്ട് മുങ്ങാംകുഴിയിട്ടു. കീഴ്ക്കാംതൂക്കായ പ്രദേശത്തുകൂടി താഴേക്ക്. കൂടുതൽ കൂടുതൽ ആഴത്തിലേക്ക്. കരയിലെപ്പോലെ കുന്നുകളും കുഴികളും താഴ്വരകളും. എനിക്ക് അദ്ഭുതമായി.

“ദാ, അക്കാണുന്നത് ഒരു പർവതമാണ്.”

കടലിലും പർവതമോ? എനിക്കു വിശ്വസിക്കാനായില്ല. താഴേക്കു പോകുന്തോറും തണുപ്പു കൂടിക്കൂടി വന്നു. പ്രകാശം മങ്ങിമങ്ങി വന്നു. ഒടുവിൽ കൊടും കൂരിരുട്ടായി. "കടലിൽ രാത്രിയോ?" ഞാൻ പതിയെ ചോദിച്ചു. "ഇവിടെ എപ്പോഴും ഇങ്ങനെയാ. ആഴക്കടലിൽ രാവും പകലുമില്ല. ഇരുട്ടുമാത്രം." ചങ്ങാതി പറഞ്ഞുതന്നു.

"അതാ ഒരു വെളിച്ചം.. ആരാ വെള്ളത്തിൽ വിളക്കുകൊളുത്തിയത്?" എന്റെ ചങ്ങാതിക്കു ചിരി വന്നു. "അതാരും വിളക്കു കൊളുത്തിയതൊന്നുമല്ല. റാന്തൽമത്സ്യങ്ങളാണ്. കരയിൽ മിന്നാമിനുങ്ങുകളില്ലേ. അതേപോലാണിവയും. സ്വയം പ്രകാശിക്കും." "ഐസു പോലെ തണുപ്പാണിവിടെ. കണ്ണു കാണുന്നില്ല. നമുക്ക് മറ്റൊരിടത്തേക്കു പോകാം." ഞാൻ ആഗ്രഹം അറിയിച്ചു. കടലിലെ മലയിടുക്കുകൾക്കിടയിലൂടെയായി പിന്നീടുള്ള യാത്ര. ഉയരുംതോറും ഇരുൾ നേർത്തു നേർത്തു വന്നു. ഇപ്പോൾ എല്ലാം കാണാം.

അതാ ഒരു പറ്റം മത്സ്യങ്ങൾ ജീവനും കൊണ്ടു പായുന്നു. ഒരു വലിയ ഗുഹ അടുത്തടുത്തു വരുന്നു. അതിവിദഗ്ധനായ അഭ്യാസിയെപ്പോലെ ഡോൾഫിൻ

അതിസമർഥമായി ഞൊടിയിടയ്ക്കുള്ളിൽ എന്നെയും കൊണ്ട് ഒഴിഞ്ഞുമാറി. "അതു സ്രാവാണ്. അടങ്ങാത്ത വിശപ്പും ഒടുങ്ങാത്ത ക്രൂരതയുമുള്ള സ്രാവ്. അതിന്റെ വായിൽപ്പെട്ടാൽ പെട്ടതുതന്നെ! ഗുഹപോലത്തെ വായ തുറന്ന് അസംഖ്യം മീനുകളെ ഒന്നിച്ചകത്താക്കിക്കളയും. വലിയ മീനുകളെ വാൾപോലെയുള്ള കൂർത്ത പല്ലുകൾ കൊണ്ട് കടിച്ചുമുറിച്ച് തുണ്ടമാക്കും."

പെട്ടെന്ന് ചാട്ടുളിപോലെ ഒരു മത്സ്യം മിന്നിമറഞ്ഞു.

എന്തൊരു വേഗം! "അതിന്റെ പേരെന്താ?"

"അതോ, അതു ട്യൂണ മത്സ്യം. വേഗം കൂടിയ നീന്തൽ ക്കാരാണ്. ഇവരെക്കാൾ വേഗമുള്ളവരുമുണ്ട്."

എനിക്ക് ശരിക്കൊന്നും കാണാൻ കഴിഞ്ഞില്ല. അതായിരുന്നു എന്റെ സങ്കടം. ഉരുണ്ട വലിയ കണ്ണുകളുള്ള ചട്ടിത്തലയൻ നീരാളിയെ ഞാൻ തിരയുന്നുണ്ടായിരുന്നു. എട്ടു കാലുകൾ കൊണ്ട് നീരാളി ഇരപിടിക്കുന്നത് നേരിൽക്കാണണം. 'നീരാളിപ്പിടിത്തം' കണ്ടറിയണം. അതായിരുന്നു മോഹം. പക്ഷേ, യാത്രയ്ക്കിടയിൽ ഒരു നീരാളിപോലും കണ്ണിൽപ്പെട്ടില്ല.


ഞങ്ങൾ മന്ത എന്ന ഒരിനം തിരണ്ടിയുടെ അടുത്തെത്തി. അതിന് എന്നെ വളരെ ഇഷ്ടമായി. എന്നെ രസിപ്പിക്കാനായി അത് ഓരോരോ വിദ്യകൾ കാട്ടി. വെള്ളത്തിലെ തലകുത്തിമറിയൽ കാണേണ്ട കാഴ്ചതന്നെ. പെട്ടെന്ന് അത് ആകാശത്തേക്കു കുതിച്ചുപൊങ്ങി. പിന്നെ പള്ളയടിച്ച് വെള്ളത്തിലേക്ക്. 'പ്പ്ടോ'. കാതടപ്പിക്കുന്ന ശബ്ദം. ഈ ഇനം തിരണ്ടിയുടെ സ്ഥിരം വിനോദമാണത്രേ ഇത്. ഇവ അതിവേഗത്തിൽ നീന്തുകയും ചെയ്യും.

"പറക്കുന്ന ജീവികളിലും പാലൂട്ടി വളർത്തുന്നവയില്ലേ. കടലിലും പാലൂട്ടുന്ന അമ്മമാരുണ്ട്. നമുക്ക് അവരെക്കൂടി കാണാം."

വളരെ ദൂരെ നിന്ന് ഞങ്ങൾ ആ അമ്മയെയും കുഞ്ഞിനെയും കണ്ടു. കുഞ്ഞിന് ഏഴു മീറ്ററോളം നീളമുണ്ട്. ഒരു ദിവസം അര ടൺ പാലു കുടിക്കുമത്രേ! ഏഴു മാസത്തോളം അമ്മ കുഞ്ഞിനെ ഇങ്ങനെ പാലൂട്ടും! ഈ അമ്മ മറ്റാരുമല്ല, സാക്ഷാൽ നീലത്തിമിംഗലം തന്നെ. ആയിരക്കണക്കിന് മഴവില്ലുനുറുങ്ങുകൾ കൊണ്ടു തീർത്തപോലെ വർണമനോഹരമായ ഒരു പ്രദേശത്ത് ഞങ്ങൾ എത്തി. ഇതാണ് പവിഴപ്പുറ്റുകൾ. എന്തൊരു നിറച്ചാർത്ത്! കൺകുളിർപ്പിക്കുന്ന കാഴ്ചതന്നെ.

ഒരു തരം ജീവികളുടെ പ്രവർത്തനം കൊണ്ടാണത്രേ പവിഴപ്പുറ്റുകൾ ഉണ്ടാകുന്നത്. പുറ്റുകൾ അവയുടെ അസ്ഥികൂടമാണ്. പൂക്കൾപോലെ, ശാഖകൾ പോലെ, ശിലകൾ പോലെ, പല ആകൃതിയിൽ, പല വലുപ്പത്തിൽ, പല നിറത്തിൽ പവിഴപ്പുറ്റുകൾ. പവിഴപ്പുറ്റിന്റെ അഴകിന് അലങ്കാരം പോലെ പൂമ്പാറ്റയെക്കാൾ വർണഭംഗിയുള്ള പലവിധ മത്സ്യങ്ങൾ ചുറ്റും നീന്തിക്കളിക്കുന്നു. സുന്ദരവർണങ്ങളിലുള്ള പുഴുക്കൾ, ചിപ്പികൾ, ഞണ്ടുകൾ, കടൽക്കുതിരകൾ, നിറക്കുപ്പായമണിഞ്ഞ നക്ഷത്രമത്സ്യങ്ങൾ.. ഹൊ, അദ്ഭുതങ്ങളുടെ ലോകം തന്നെ! മനസ്സില്ലാമനസ്സോടെയാണ് കടലമ്മയോടു യാത്രപറഞ്ഞത്. ചുണ്ടിൽ ഇപ്പോഴും ഉപ്പുരസം; മനസ്സിൽ നിറയെ മധുരവും.

# 3
# ആരാണു ബലവാൻ?



**കാ**ട്ടിലെ കൂറ്റനായ ആനയും നദിയിലെ വമ്പനായ മുതലയും ഉറ്റചങ്ങാതിമാർ ആയിരുന്നു. മിക്കദിവസവും നദിക്കരയിൽ അവർ കണ്ടുമുട്ടും. പഴങ്കഥകളും തമാശകളും പറയും. പതിവുപോലെ അന്നും അവർ പുഴവക്കിൽ ഒത്തുകൂടി. തന്റെ ശക്തിയെപ്പറ്റിയും തടിമിടുക്കിനെക്കുറിച്ചും ആന വീമ്പിളക്കി. മുതല വിട്ടുകൊടുത്തില്ല. താനും ആനയുടെ മുതുമുത്തച്ഛനുമായി നടന്ന പിടിവലിയും മുതുമുത്തച്ഛന്റെ മൂക്ക് നീണ്ടുനീണ്ട് വന്ന് തുമ്പിക്കൈ ആയതും മുതല വിവരിക്കാൻ തുടങ്ങി.

ആനയും വിട്ടുകൊടുത്തില്ല. തന്റെ വീരകഥകൾ തരംപോലെ ആനയും പറഞ്ഞു. ഇതെല്ലാം കേട്ടുകൊണ്ട് പുഴയ്ക്ക് അരികിലായി ഒരു ആമ നിൽപ്പുണ്ടായിരുന്നു. ഇവരുടെ പൊങ്ങച്ചം നിർത്താൻ എന്താണ് ഒരു ഉപായം? താനും തന്റെ മുത്തച്ഛൻമാരും എന്താ പിറകിലാണോ? കേൾവികേട്ട പലരും തന്റെ കുടുംബക്കാരുടെ മുന്നിൽ തോറ്റു തൊപ്പിയിട്ടിട്ടുണ്ട്. എന്നിട്ടാണോ ഇവർ? ആമയ്ക്ക് ആ സൂത്രം തോന്നി: "വലിയ ശക്തരാണെന്നാണോ രണ്ടുപേരുടെയും വിചാരം!

കേമത്തം വാചകമടിച്ചു കാണിച്ചാൽ പോരാ. ചുണയുണ്ടെങ്കിൽ എന്നോട് ഏറ്റുമുട്ടിനോക്ക് "ഹ ഹ ഹ ഹ ഹ ..." അതുകേട്ട് ആന പൊട്ടിച്ചിരിച്ചു. "നീ ആരോടാണ് മത്സരിക്കുക. എന്നോടോ അതോ മുതലയോടോ?" ആന ചോദിച്ചു. "രണ്ടുപേരോടും മത്സരിക്കാനാണ് ഞാൻ ഉദ്ദേശിക്കുന്നത്. നിങ്ങൾ രണ്ടുപേരിൽ ബലവാനാരെന്നു കാണാമല്ലോ" – ആമ മറുപടി നൽകി.

"ശരി. ആദ്യത്തെ മത്സരം ആരോടു വേണം?" "ആനച്ചേട്ടനോടു തന്നെ." ആമ ഉത്തരം നൽകി. ആന മത്സരത്തിന് ഒരുങ്ങി. പൊണ്ണൻകാലുകൾ കുടഞ്ഞു. തലപൊക്കി. ചെവിയാട്ടി. തുമ്പിക്കൈ ഉയർത്തി.

കാടുകുലുക്കെ ചിന്നംവിളിച്ചു. "വരട്ടെ വരട്ടെ, ശക്തരാണെന്ന് നിർണയിക്കാനുള്ള ഒരു മത്സരം മാത്രമാണ്

ഇത്. ഇതുമൂലം നമ്മുടെ സൗഹൃദം തകരാൻ പാടില്ല. അതുകൊണ്ടുതന്നെ നാം നേർക്കുനേരെ ഏറ്റുമുട്ടുന്നത് ശരിയല്ല." പിന്നെ എന്തുചെയ്യും? ആന തിരക്കി. "ഇതാ ഈ കയറിന്റെ ഒരറ്റവുമായി ഞാൻ നദിയിൽ മുങ്ങും. ചേട്ടൻ എന്നെ നദിയിൽ നിന്നു വലിച്ച് കരയ്ക്കു കയറ്റണം. ഇതാണ് മത്സരം."

"എന്താ? എന്തായാലെന്താ? ഞാൻ തയ്യാർ" – ആന വയറുകുലുക്കി ചിരിച്ചുകൊണ്ട് പറഞ്ഞു. വിവരം കാട്ടിലെങ്ങും പരന്നു. കേട്ടവർ കേട്ടവർ ധൃതിയിൽ ആറ്റിൻകരയെത്തി. ആമ കയറിന്റെ ഒരറ്റം കാലിൽ ബന്ധിച്ച് വെള്ളത്തിലേക്ക് താണു.

അൽപ്പം കഴിഞ്ഞ് പുഴയുടെ മധ്യത്തിൽ നിന്ന് പൊങ്ങിവന്ന് വിളിച്ചു പറഞ്ഞു "ശരി, വലിച്ചോളൂ."

ആമയെ അനായാസം കരയിൽ എത്തിക്കാമെന്നായിരുന്നു ആനയുടെ വിചാരം. അവൻ പതുക്കെ കയർ വലിച്ചുനോക്കി. അനക്കമില്ല. തെല്ലു ശക്തിയിൽ വലിച്ചു... യാതൊരനക്കവുമില്ല. ചുറ്റും കൂടിനിന്ന മൃഗങ്ങളും പക്ഷികളും ആനയെ പരിഹസിച്ചു ചിരിച്ചു. ഹീ..ഹീ.. കുരങ്ങൻ പല്ലിളിച്ച് കൊഞ്ഞനംകുത്തി.

കുറുക്കനും മുയലും കഴുതയും ചിരിച്ചു. ആനയുടെ കണ്ണുകൾ ചുവന്നു. വാൽ ഉയർത്തി. മുറംപോലുള്ള ചെവികൾ ആഞ്ഞുവീശി. വലതുകാൽ മുന്നോട്ടു വച്ച് മസ്തകം ഒന്നുകൂടി കുലുക്കി. അതിശക്തിയായി അവൻ



ആഞ്ഞുവലിച്ചതും... ഠേ... കയറും പൊട്ടി. തുമ്പിക്കൈയിൽ ഒരു കഷണം കയറുമായി ആന പൊത്തോംന്നു നടുവുംകുത്തി മറിഞ്ഞുവീണു. ചുറ്റും കൂടിനിന്നവർ കൂവിയാർത്തു. പൂഹോയ്.. കൂ...കൂ... കൂ... ആനയ്ക്ക് കലികയറി.

കിളികളെ ഓടിച്ചുകൊണ്ട് അവൻ വനത്തിനുള്ളിലേക്കു പാഞ്ഞു. മുതല തരിച്ചു നിന്നുപോയി. ആമ വിജയഭാവത്തിൽ മുതലയെ നോക്കിച്ചിരിച്ചു. മുതലയ്ക്ക് വാശികയറി. അവൻ പറഞ്ഞു: “നീ അങ്ങനെ ഞെളിയണ്ട. എന്നോട് പിടിക്കാൻ വാ, അപ്പോൾ കാണിച്ചു തരാം,” ആമ പോയി വലിയ ഒരു വടവുമായി വന്നു. മുതല കരയ്ക്ക് കയറി. അപ്പോൾ അവനെ തടഞ്ഞുകൊണ്ട് ആമ പറഞ്ഞു:

“ഇപ്രാവശ്യം ഞാൻ കരയിൽ. നീ വെള്ളത്തിൽ” മുതലയ്ക്ക് വലിയ സന്തോഷമായി. വെള്ളത്തിലെ ജീവികളെല്ലാം മുതലയ്ക്ക് ചുറ്റും തടിച്ചുകൂടി. കയറിന്റെ ഒരറ്റം മുതലയ്ക്കുകൊടുത്ത് മറ്റേത്തലയുമായി ആമ കരയ്ക്ക് കയറി.

അവൻ നാലുപാടും നോക്കി. അടുത്തെങ്ങും ആരുമില്ല. അവൻ വേഗം കയറിന്റെ അറ്റം അടുത്തുകണ്ട ഒരു മരത്തിന്റെ ചുവട്ടിൽ കെട്ടിയിട്ടു. എന്നിട്ട് ഉറക്കെ വിളിച്ചുപറഞ്ഞു: “മുതലച്ചേട്ടാ, തുടങ്ങാം.” പിന്നെ എന്തു സംഭവിച്ചു?

# 4
# കുഞ്ഞുതുള്ളീം വലിയതുള്ളീം

**കാ**റ്റിനനുസരിച്ചു നീങ്ങുന്ന മേഘം. മേഘത്തിന്റെ വക്കിൽ ഒരു വെള്ളത്തുള്ളി. തിളങ്ങുന്ന കുഞ്ഞുതുള്ളി. പെട്ടെന്നു പിടിവിട്ടു. പിടഞ്ഞുരുണ്ടു താഴേക്ക്.

അയ്യോ! കുഞ്ഞുതുള്ളി നിലവിളിച്ചു. “എന്തിനാ പേടി ക്കുന്നേ? ഞാനില്ലേ കൂടെ.”
അതാരാ! കുഞ്ഞുതുള്ളി ചുറ്റും നോക്കി. മറ്റൊരു തുള്ളി. ചന്തമുള്ള വലിയതുള്ളി. കുഞ്ഞുതുള്ളിക്കു സമാധാനമായി. അവർ കൂട്ടുകാരായി. താഴേക്കു യാത്ര തുടർന്നു. കാറ്റു വീശി. തുള്ളികൾ ആടിയുലഞ്ഞു.
“എനിക്കു പേടിയാവുന്നു. തിരിച്ചു പോയാലോ?” കുഞ്ഞുതുള്ളി വലിയതുള്ളിയെ നോക്കി.
“നീ താഴേക്കു നോക്കൂ. നമ്മുടെ വരവും കാത്തു നിൽക്കുന്നവരെ കണ്ടില്ലേ?”
കുഞ്ഞുതുള്ളിക്കു താഴെ എത്താൻ തിടുക്കമായി.



കാറ്റിനു ശക്തികൂടി. കുഞ്ഞുതുള്ളിയും വലിയ തുള്ളിയും അകന്നുപോകാൻ തുടങ്ങി.

"അയ്യോ... എന്നെ വിട്ടുപോകല്ലേ." കുഞ്ഞുതുള്ളി കരഞ്ഞു. വലിയ തുള്ളിക്കു വിഷമമായി. സും... വലിയ തുള്ളി വീണു.



മഴ കാത്തിരിക്കുന്ന കറുമ്പിയാടിന്റെ ചെവിയിൽ. കറുമ്പി തല കുടഞ്ഞു...

ഡിക്ക്... കുഞ്ഞുതുള്ളിയും വീണു.

തൈമാവിന്റെ താഴേക്കൊമ്പിലെ ഇലയിൽ കാറ്റു വീശി. മാവില വിറച്ചു...


“എന്താ മണിക്കുട്ടാ ഇവിടെ കിടന്ന് ഉറങ്ങ്വാ? മഴ വരുന്നു. വേഗം എണീക്ക്.”

അവൻ കണ്ണു തുറന്നു.

‘കുഞ്ഞേച്ചി.’

മണിക്കുട്ടൻ ചുറ്റും നോക്കി.

കുഞ്ഞുതുള്ളിയും വലിയ തുള്ളിയും എവിടെ?



# 5

## ആനപ്പൂട

(വൈക്കം മുഹമ്മദ് ബഷീർ)

**കൊ**ലകൊമ്പനായ ഒരാന. ആ കൊമ്പനാനയുടെ വാലിലെ രോമമാകുന്നു വേണ്ടത്. എന്റെ സ്വന്തം ആവശ്യമല്ല. രാധാമണിക്കു വേണ്ടിയാണ്. പുസ്തകത്തിൽ വയ്ക്കാൻ അവളെനിക്കു മയിൽപ്പീലി തന്നിട്ടുണ്ട്.

ആനക്കാരും ഞാനും വലിയ കൂട്ടുകെട്ടിലാണ്. നല്ല തളിരുവെറ്റില, പഴുക്കടയ്ക്കാ, പുകയില– എല്ലാം വീട്ടിൽ നിന്നു മറ്റാരും കാണാതെ കൊണ്ടുപോയി ആനക്കാർക്കു കൊടുക്കും.

നിഷ്പ്രയാസം എനിക്ക് ആനവാൽ കിട്ടും. ആനക്കാരെല്ലാം എന്റെ ഇഷ്ടക്കാരാണല്ലോ. ഞാൻ ആനക്കാ



രോടു പറഞ്ഞു: "ഒരു ആനവാൽ വേണം." ആനക്കാർ പരിഹസിക്കുന്ന മട്ടിൽ പറഞ്ഞു: "ആനയ്ക്ക് ഒരേയൊരു വാലല്ലേയുള്ളൂ. അതു മുറിച്ചു തന്നാൽ ആന എന്തുചെയ്യും?'' ഞാൻ പറഞ്ഞു: "എനിക്കു മുഴുവനും വേണ്ട. ഒരു പൂട മതി. ആനപ്പൂട." "ആനപ്പൂടയോ?" ആനക്കാർ ചിരിച്ചു.

"ഇതെന്താ, വല്ല കോഴിയോ മറ്റോ ആണോ?" ആനക്കാർ തന്നില്ല. ഞാൻ ചോദിച്ചത് വെറും ഒരാനപ്പൂടയാണ്. തന്നില്ല. ആട്ടെ, ഞാൻ കാണിച്ചുതരാം. ഒരു ആനപ്പൂട ഞാൻ കട്ടെടുക്കും. രാവും പകലും ചിന്തയാണ്. ജീവനുള്ള ഒരു കൊലകൊമ്പന്റെ വാലിലെ രോമം എങ്ങനെ മോഷ്ടിക്കും? തെങ്ങിൽ തളച്ചു നിർത്തിയിരിക്കുന്ന ആനയുടെ പിറകിൽ ചെന്നു പതുക്കെ വാലുപിടിച്ച് ഒരു രോമം മോഷ്ടിക്കാം. പക്ഷേ, പെട്ടെന്നു തിരിഞ്ഞ് ആന കുത്തിയാലോ? ഒടുവിൽ ഒരു എളുപ്പവഴി കണ്ടുപിടിച്ചു. സർവമാനപേരും ആനകളും കുളിക്കുന്നതു കടത്തുകടവിലാണ്. നദിയിൽ കരയോടു ചേർന്നു വെള്ളത്തിൽ മൂന്ന് ആനകൾ കിടക്കുന്നു.

നടുക്കു കിടക്കുന്നതാണു കൊമ്പൻ. അവന്റെ വാലാകുന്നു മോഷ്ടിക്കേണ്ടത്. ഞാൻ വെള്ളത്തിൽച്ചാടി. മുങ്ങാംകുഴിയിട്ടു പതുക്കെച്ചെന്ന് കൊമ്പനാനയുടെ പിറകിൽ തലമാത്രം പൊക്കിനോക്കി. വാല് ശരിക്കു

കണ്ടുപിടിച്ചു. എന്നിട്ടു മുങ്ങി. ആനയുടെ വാലിൽ പതുക്കെ പിടിച്ചു. പല്ലുകൊണ്ട് നീണ്ട ഒരു രോമം കരണ്ടുമുറിച്ചെടുക്കാൻ ശ്രമിച്ചു. പറ്റുന്നില്ല. ഞാൻ കടിച്ചുപിടിച്ചു വാല് ബലമായി പിടിച്ചകറ്റി ശക്തിയായി വലിച്ച ഓർമയുണ്ട്. പിന്നെ ആകെ ഒരു ബഹളമാണ്. വാലിലെ പിടിവിട്ട ഞാൻ പൊങ്ങി. ആന ഭയങ്കരമായി അമറിക്കൊണ്ട് എണീറ്റു തിരിഞ്ഞു. എന്നെ കണ്ടു. ഞാൻ ഒറ്റ മുങ്ങ്. മരണവേവലാതിയോടെ മുങ്ങാംകുഴിയിട്ട് ശീഘ്രം പാഞ്ഞു പാഞ്ഞു പോയി. ശ്വാസം വിടണം. ചങ്കുപൊട്ടാൻ പോകുന്നു. എന്നിട്ടും പൊങ്ങിയില്ല.

ഒടുവിൽ പോയിപ്പോയി വെള്ളത്തിൽ ഇരുട്ടുള്ള ഭാഗത്തു പൊങ്ങി. ഞാൻ തിരിഞ്ഞുനോക്കി. ആന തുമ്പിക്കൈ ഉയർത്തി ഭയജനകമായ വിധത്തിൽ അമറുകയാണ്. മറ്റ് രണ്ടാനകളും എണീറ്റ് അമറുന്നുണ്ട്. ആളോട്ടവും ബഹളവും.

വീട്ടിൽ ചെന്ന് ഉമ്മയോടു പറഞ്ഞു: “ഉമ്മാ, എന്റെ മുണ്ടുപോയി.” ഉമ്മാ പറഞ്ഞു: “എല്ലാവരുടെയും മുണ്ടുപോയി. ആന വിരണ്ട ബഹളത്തിൽ ആളുകൾ തട്ടിയും മുട്ടിയും വീണു ജീവനും കൊണ്ടോടി. കൊമ്പനു പെട്ടെന്നു ഭ്രാന്തിളകിയതാണ്.” അതു ശരിയല്ലല്ലോ. എല്ലാ ബഹളത്തിനും കാരണക്കാരൻ ഞാനല്ലേ? ഈ സത്യം എങ്ങനെ പറയും? “ബാപ്പാ, അതിന് പെരാന്തിളകിയതല്ല.”

"പിന്നെ."

"കടിച്ചു വലിച്ചതാണ്."

"എന്തു കടിച്ചു വലിച്ചു"

"ബാപ്പാ, ഞാൻ ആനേനെ കടിച്ചു."

"നീ കൊമ്പനാനേനെ കടിച്ചോ?"

"അതെ, ഞാൻ മുങ്ങിച്ചെന്ന് അതിന്റെ ഒരു പൂട കടിച്ചൂരാൻ നോക്കി."

ഉമ്മ പറഞ്ഞു: "റബ്ബേ! അതിന് ഒരുപാടു നൊന്തു കാണും."

ബാപ്പ ചിരിച്ചു. ഒരുപാടുനേരം ചിരിച്ചു. എന്നിട്ടു ചോദിച്ചു:

"നിനക്കെന്തിനാ ആനപ്പൂട"

ഞാൻ പറഞ്ഞു: "രാധാമണി എന്നോട് ഒരാനവാല് ചോദിച്ചു."

ഉമ്മായ്ക്ക് അപ്പോഴാണ് ചിരിക്കാൻ തോന്നിയത്.

"ഒരാനപ്പൂട മേടിച്ച് ഇവനു കൊട്. അല്ലെങ്കിൽ ഇനീം ആ പാവപ്പെട്ട കൊമ്പനാനേനെ ഇവൻ കടിക്കും."